P2 - 2552/18

<u>വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ</u>




FROM, അശ്വിനി സോമൻ
ശ്രീലക്ഷ്മി
ചെന്നിർക്കര 689503

TO,

The public information officer
ജില്ലാ സാമൂഹിക ക്ഷേമ ഓഫീസ്,
പത്തനംതിട്ട

സർ ,

വിഷയം : <u>വിവരാവകാശ നിയമം 2005 പ്രകാരം താഴെ പറയുന്ന ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട വിവരങ്ങൾ പരമാവധി വേഗത്തിൽ ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു .</u>

1) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന പത്തനംതിട്ട ജില്ലയിലെ വിവിധ ഓഫീസുകളിലും ജില്ലയിലെ മുഖ്യ ഓഫീസിലും കൂടി ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട ആകെ എത്ര അനുവദനീയ തസ്തികകൾ നിലവിലുണ്ട് ? നിലവിലെ അനുപാതം വ്യക്തമാക്കുക.

2) അങ്ങയുടെ വകുപ്പിന് കീഴിൽ ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ടു ആകെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്? ഇതിൽ ഫ്രഷ് ഒഴിവുകൾ എത്ര ? NJD ഒഴിവുകൾ എത്ര ? മറ്റു വിധേന നികത്തുവാൻ മാറ്റി വെച്ചിട്ടുള്ള ഒഴിവുകൾ എത്ര. എങ്കിൽ ഏതുവിധേന നികത്തുവാനുള്ള ഒഴിവുകൾ ആണ് അവ എന്ന് വ്യക്തമാക്കുമോ.

3) 25.07.2018 മുതൽ 31.12 2019 വരെ പ്രസ്തുത ഓഫീസുകളിൽ നിന്നും ടൈപ്പിസ്റ്റ് തസ്തികയിൽ (സെലെക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ഉൾപ്പെടെ ) വിരമിക്കുന്ന ജീവനക്കാരുടെ പേരും അവർ നിലവിൽ ജോലി ചെയ്യുന്ന തസ്തികയും വിരമിക്കുന്ന തീയതിയും അറിയിക്കുക.

4) 25.07.2018 മുതൽ 31.12.2019 വരെ പ്രസ്തുത ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ വന്നേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ എത്ര . മറ്റ് ജില്ലയിലേക്ക് ട്രാൻസ്ഫെറിനു അപേക്ഷിച്ചിട്ടുള്ള ടൈപ്പിസ്റ്റ് ജീവനക്കാരുടെ പേര്, തസ്തിക ഓഫീസ് മേൽവിലാസം എന്നിവ നൽകുവാൻ അഭ്യർത്ഥിക്കുന്നു .

5) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ നിർദേശ പ്രകാരം വിരമിക്കൽ ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്യണമെന്നു നിഷ്കർഷിച്ചിരിക്കെ,അങ്ങയുടെ ഓഫീസിൽ നിന്നും അപ്രകാരം ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യാറുണ്ടോ ? റിപ്പോർട്ട് ചെയ്തതും, ചെയ്യാത്തതുമായ ടൈപ്പിസ്റ്റ് ഒഴിവുകൾ തരം തിരിച്ചു നൽകുക.

6) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന പത്തനംതിട്ട ജില്ലയിലെ വിവിധ ഓഫീസുകളിലും ജില്ലയിലെ മുഖ്യ ഓഫീസിലും കൂടി ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട് ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പേര്, ഓഫീസ്, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ നൽകുക

7)) ഒഴിവുകൾ വരുമ്പോൾ റിപ്പോർട്ട് ചെയ്യുന്നഓഫീസിന്റെ മേൽവിലാസംതരിക.

8) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന ഓഫീസുകളുടെ പേരും മേൽവിലാസവും നൽകുക

9) വിവരാവകാശമറുപടി തൃപ്തികരമല്ലെങ്കിൽഅപ്പീൽസമർപ്പിക്കേണ്ടഅധികാരിയുടെപേരുംമേൽവിലാസവുംനൽകുക.

എന്ന് വിശ്വസ്തതയോടെ

സ്ഥലം ചെന്നിർക്കര

തീയതി 13/8/18.

അശ്വിനി.